"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-പൂന്താനം സാഹിത്യോത്സവം **2025** -ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.80/2025/TSM തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:- 1. പൂന്താനം സ്മാരക സമിതി ജനറൽ സെക്രട്ടറി സമർപ്പിച്ച **17.11.2024** തീയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **31.01.2025** തീയതിയിലെ **DOT/269//2025-M1** നം കത്ത്.

**<u>ഉത്തരവ്</u>**

മഹാകവി പൂന്താനത്തിന്റെ സ്മരണകൾ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി പൂന്താനം സ്മാരക സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പൂന്താനം സാഹിത്യോത്സവത്തിന് ധനസഹായം അനുവദിക്കുന്നതിലേക്കായി പരാമർശം **(1)** പ്രകാരം , പൂന്താനം സ്മാരക സമിതി ജനറൽ സെക്രട്ടറി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പര്യാപ്തമായ തുക **3452-80-104-98-00-34-03** പിവി-മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്ന് പരാമർശം **(2)** പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മഹാകവി പൂന്താനത്തിന്റെ സ്മരണകൾ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി പൂന്താനം സ്മാരക സമിതിയുടെ നേതൃത്വത്തിൽ കേരളത്തിന് അകത്തും പുറത്തുമായുള്ള നിരവധി സാഹിത്യകാരന്മാരെ ഉൾക്കൊള്ളിച്ചു **2025** ഫെബ്രുവരി മാസം സംഘടിപ്പിക്കുന്ന പൂന്താനം സാഹിത്യോത്സവത്തിന്റെ ടൂറിസം പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് **3452-80-104-98-00-34-03 പിവി-മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും **₹10,000/-**(പതിനായിരം രൂപ മാത്രം) സാമ്പത്തിക സഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത

വിനിയോഗസർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പൂന്താനം സ്മാരക സമിതി ജനറൽ സെക്രട്ടറി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ. വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, പൂന്താനം സ്മാരക സമിതി, മലപ്പുറം(വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജൻറൽ(ആഡിറ്റ് I & II), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 13-02-2025 14:25:12

പകർപ്പ്
1.ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്